എ.വൈ.ആർ

**സത്യത്തിനും ധർമത്തിനും വേണ്ടി നടത്തുന്ന പ്രവർത്തനം എത്ര ചെറുതാവട്ടെ വലുതാവട്ടെ, കഠിനമാവട്ടെ, സരളമാകട്ടെ എല്ലാം അല്ലാഹു ഒരു രജിസ്റ്ററിൽ ചേർത്തു സൂക്ഷിച്ചിട്ടുണ്ട്. വിചാരണാ നാളിൽ ആ രജിസ്റ്റർ ജീവിതത്തിന്റെ കിറുകൃത്യവും സമ്പൂർണവുമായ നടപടി റിക്കാർഡായി മുന്നിൽ വരും. ഓരോ വ്യക്തിക്കും അയാളുടെ പ്രവർത്തനം അർഹിക്കുന്ന പ്രതിഫലം തികച്ചും ലഭിക്കും. ആരോടും അണു അളവ് അനീതിയുണ്ടാവില്ല.**



وَلَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا ۖ وَلَدَيْنَا كِتَابٌ يَنطِقُ بِالْحَقِّ ۚ وَهُمْ لَا يُظْلَمُونَ ﴿٦٢﴾

**62.** ഒരു ജീവിയോടും അതിന്റെ കഴിവിൽ കവിഞ്ഞ കാര്യം കൽപിക്കുന്നില്ല. നമ്മുടെ വശം ഒരു പുസ്തകമുണ്ട്. അത് സത്യം സംസാരിക്കും. ആരോടും ഒരനീതിയുമുണ്ടാവില്ല.

**62**

وَلَا نُكَلِّفُ = നാം ചുമത്തുന്നില്ല (കൽപിക്കുന്നില്ല) نَفْسًا = ഒരു ജീവിയോടും, ആത്മാവിനോടും, മനുഷ്യനോടും

إِلَّا وُسْعَهَا = അതിന്റെ കഴിവ് അല്ലാതെ (കഴിവിൽ കവിഞ്ഞ കാര്യം) وَلَدَيْنَا = നമ്മുടെ വശം ഉണ്ട്

كِتَابٌ = ഒരു പുസ്തകം, രേഖ يَنطِقُ = അത് സംസാരിക്കും بِالْحَقِّ = സത്യം وَهُمْ = അവർ (ആരോടും)

لَا يُظْلَمُونَ = അക്രമിക്കപ്പെടുന്നവരല്ല (ഒരനീതിയും ഉണ്ടാവില്ല)

സത്യവിശ്വാസികൾക്കുള്ള സാന്ത്വനവും സുവിശേഷവുമാണീ വിചനം. ഇതേ സുവിശേഷം നേരത്തേ സൂറഃ *അൽബഖറ* 233, 286, *അൽഅൻആം* 152, *അൽഅഅ്റാഫ്* 42 സൂക്തങ്ങളിലും വന്നിട്ടുണ്ട്. تكليف (നിയമ ബാധ്യത ചുമത്തൽ)ൽനിന്നുള്ളതാണ് نُكَلِّفُ. ഈ പദത്തിന്റെ ആശയം *അൽബഖറ* 286-ാം സൂക്തത്തിനു താഴെ ഖുർആൻ ബോധനം വിശദീകരിച്ചിരിക്കുന്നു. ഇവിടെ വചന താൽപര്യം ഇതാണ്: സൗഭാഗ്യം കൊണ്ടും ദൗർഭാഗ്യം കൊണ്ടും പരീക്ഷിക്കപ്പെടുന്ന യഥാർഥ വിശ്വാസികൾക്ക് നന്മ തേടുകയും പ്രാപിക്കുകയും ചെയ്യുക എളുപ്പമായിരിക്കുകയില്ല. ചിലപ്പോൾ നന്നായി ക്ലേശിക്കേണ്ടിവരും. എങ്കിലും അവർക്ക് സമാധാനിക്കാം. അല്ലാഹു അവന്റെ സരണിയിൽ മുന്നേറാൻ ശ്രമിക്കുന്നവരെ അവർക്ക് തരണം ചെയ്യുക അസാധ്യമായ പരീക്ഷണങ്ങളിലൊന്നും അകപ്പെടുത്തുകയോ ദുർവഹമായ ഉത്തരവാദിത്ത ഭാരം വഹിപ്പിക്കുകയോ ചെയ്യില്ല. സത്യത്തിനും ധർമത്തിനും വേണ്ടി നടത്തുന്ന പ്രവർത്തനം എത്ര ചെറുതാവട്ടെ വലുതാവട്ടെ, കഠിനമാവട്ടെ, സരളമാകട്ടെ എല്ലാം അല്ലാഹു ഒരു രജിസ്റ്ററിൽ ചേർത്തു സൂക്ഷിച്ചിട്ടുണ്ട്. വിചാരണാ നാളിൽ ആ രജിസ്റ്റർ ജീവിതത്തിന്റെ കിറുകൃത്യവും സമ്പൂർണവുമായ നടപടി റിക്കാർഡായി മുന്നിൽ വരും. ഓരോ വ്യക്തിക്കും അയാളുടെ പ്രവർത്തനം അർഹിക്കുന്ന പ്രതിഫലം തികച്ചും ലഭിക്കും. ആരോടും അണു അളവ് അനീതിയുണ്ടാവില്ല.

وُسْعٌ سَعَة എന്ന ക്രിയയുടെ നാമരൂപമാണ് سَعَة ഉം وَسِعَ ഉം. വിശാലമായ, വിപുലമായി, ഉൾക്കൊണ്ടു എന്നൊക്കെയാണ് وَسِعَ-യുടെ ഭാഷാർഥം. سعة ഉം وسع ഉം വിശാലതയാണ്. പ്രയോഗത്തിൽ ഇവക്ക് കഴിവ്, ഉൾക്കൊള്ളാനുള്ള ശേഷി, കപ്പാസിറ്റി, സാന്ദ്രത, ശക്തി എന്നെല്ലാം അർഥമുണ്ട്. إِنَّ أَرْضِي وَاسِعَةٌ എന്ന ദൈവിക വചനത്തിനർഥം എന്റെ ഭൂമി പ്രവിശാലമാകുന്നു എന്നാണ്. لِيُنفِقْ ذُو سَعَةٍ مِّن سَعَتِهِ എന്നാൽ കഴിവുള്ളവൻ തന്റെ കപ്പാസിറ്റിയനുസരിച്ച് ചെലവഴിക്കട്ടെ എന്നും. وَسِعَ كُلَّ شَيْءٍ عِلْمًا എന്നാൽ ജ്ഞാനത്താൽ സകലത്തെയും ഉൾക്കൊണ്ടു. ഒരാൾ ഉൾക്കൊള്ളുന്ന പ്രവർത്തന ശേഷിയാണ് ഇവിടെ ഉദ്ദേശ്യം.

കഴിവി-وَسِعَ-ന് നിർണിത പരിധിയില്ല. അത് പ്രതിജന ഭിന്നമാണ്. ഒരു വ്യക്തിയുടെ പ്രാപ്തി ആ വ്യക്തിക്കേ അറിയൂ. ഒരാൾക്ക് കഴിയാത്തത് മറ്റൊരാൾക്ക് കഴിയും. ഒരവസരത്തിൽ സാധ്യമാകുന്ന കാര്യം മറ്റൊരവസരത്തിൽ അസാധ്യമാകും. ഒരു രീതിയിൽ അസാധ്യമായത് മറ്റൊരു രീതിയിൽ സാധ്യമാകാം. സംഗതിക്ക് وسع ഉണ്ടാവുക എന്നാൽ ആ കാര്യം ഒരു ബുദ്ധിമുട്ടുമില്ലാതെ അനായാസം ചെയ്യാൻ സാധിക്കുക എന്നല്ല. ക്ലേശവും ത്യാഗവും സഹിച്ചുകൊണ്ടെങ്കിലും കഴിവിന്റെ പരമാവധി ഉപയോഗിച്ചാൽ ചെയ്യാൻ കഴിയുക എന്നാണ്. സഹ്യമായ പ്രയാസങ്ങളും പ്രതിബന്ധങ്ങളും وسع നെ നിഷേധിക്കുകയില്ല. തക്‌ലീഫ് ആണ് ആദ്യം പരിഗണിക്കേണ്ടത്. അത് നിർവഹിക്കപ്പെടുകയാണ് പ്രധാനം. അതിനുള്ള സാധ്യതയാണ് وسع. തക്‌ലീഫിന്റെ പ്രാഥമ്യവും പ്രാധാന്യവും ഉറപ്പിച്ച ശേഷമാണ് وسع വിധിക്കേണ്ടത്. അല്ലാതെ وسع നോക്കി തക്‌ലീഫ് വിധിക്കുകയല്ല. وسع നോക്കി തക്‌ലീഫ് വിധിക്കുകയാണെങ്കിൽ നിസ്സാരമായ പ്രതിബന്ധങ്ങളുന്നയിച്ച് ഏതു തക്‌ലീഫും ലംഘിക്കാൻ കഴിയും. وسع കൊണ്ട് ശരീഅത്തിനെ വിധിക്കുന്നതുകൊണ്ടാണ് ഇക്കാലത്ത് കാലഘട്ടത്തിന്റെ സവിശേഷതകളും ജീവിത സാഹചര്യത്തിന്റെ താൽപര്യവും പറഞ്ഞ് ശരീഅത്ത് വിധികളെ നിസ്സങ്കോചനം ലംഘിക്കാൻ ആളുകൾക്ക് കഴിയുന്നത്. എന്നാൽ ഒരു പ്രയാസവുമില്ലാത്തവർ മാത്രം പാലിക്കാനുള്ളതല്ല ശരീഅത്ത്. فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ وَاسْمَعُوا وَأَطِيعُوا (കഴിവിന്റെ പരമാവധി അല്ലാഹുവിനെ സൂക്ഷിക്കുവിൻ, അവന്റെ കൽപനകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുവിൻ- 64:16) എന്നാണ് അല്ലാഹു പറയുന്നത്. തക്‌ലീഫിന്റെ وسع കഴിവിന്റെ പരമാവധിയാണ്. ■

بَلْ قُلُوبُهُمْ فِي غَمْرَةٍ مِّنْ هَٰذَا وَلَهُمْ أَعْمَالٌ مِّن دُونِ ذَٰلِكَ هُمْ لَهَا عَامِلُونَ ﴿٦٣﴾

**63.** പക്ഷേ, ഇക്കൂട്ടർ ഇക്കാര്യത്തെക്കുറിച്ചൊക്കെയും ബോധശൂന്യതയിലാണ്ടുപോയിരിക്കുന്നു. അവർക്ക് ഇപ്പറഞ്ഞതൊന്നുമല്ലാത്ത കുറെ ജോലികളുണ്ട്. അത് ചെയ്തുകൊണ്ടിരിക്കുകയാണവർ.

حَتَّىٰ إِذَا أَخَذْنَا مُتْرَفِيهِم بِالْعَذَابِ إِذَا هُمْ يَجْأَرُونَ ﴿٦٤﴾

**64.** അവരിലെ സുഖലോലുപരെ നാം ശിക്ഷയാൽ പിടികൂടുവോളം; അപ്പോൾ അവരതാ വേപഥു കൊണ്ട് ചീറാൻ തുടങ്ങുന്നു.

لَا تَجْأَرُوا الْيَوْمَ ۖ إِنَّكُم مِّنَّا لَا تُنصَرُونَ ﴿٦٥﴾

**65.** ഇന്നു നിങ്ങൾ ചീറിയതുകൊണ്ട് ഒരു കാര്യവുമില്ല. നമ്മിൽ നിന്ന് ഒരു സഹായവും ലഭിക്കാൻ പോകുന്നില്ല.

قَدْ كَانَتْ آيَاتِي تُتْلَىٰ عَلَيْكُمْ فَكُنتُمْ عَلَىٰ أَعْقَابِكُمْ تَنكِصُونَ ﴿٦٦﴾

**66.** നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിത്തന്നിട്ടുണ്ടായിരുന്നു. അത് കേൾക്കുമ്പോൾ പിന്തിരിഞ്ഞോടുകയായിരുന്നുവല്ലോ നിങ്ങൾ;

مُسْتَكْبِرِينَ بِهِ سَامِرًا تَهْجُرُونَ ﴿٦٧﴾

**67.** കൊടിയ അഹങ്കാരത്തോടെ നിങ്ങൾ രാസഭകളിൽ അതിനെ ഭർത്സിച്ചുകൊണ്ടിരുന്നു.

**63 – 67**

بَلْ = പക്ഷേ  قُلُوبُهُمْ = അവരുടെ ഹൃദയങ്ങൾ

فِى غَمْرَةٍ = കയത്തിലാകുന്നു (ബോധശൂന്യതയിലാണ്ട് പോയിരിക്കുന്നു)

مِّنْ هَٰذَا = ഇതിൽ നിന്ന് (ഇക്കാര്യത്തെക്കുറിച്ചൊക്കെയും)  وَلَهُمْ = ഇക്കൂട്ടർക്കുണ്ട്  أَعْمَٰلٌ = (കുറെ) ജോലികൾ

مِّن دُونِ ذَٰلِكَ = (ഇപ്പറഞ്ഞതൊന്നുമല്ലാത്ത) അതു കൂടാതെ  هُمْ لَهَا = അവർ അതിനെ

عَٰمِلُونَ = ചെയ്യുന്നവരാകുന്നു (ചെയ്തുകൊണ്ടിരിക്കുന്നു)

حَتَّىٰٓ إِذَآ أَخَذْنَا = അങ്ങനെ നാം പിടികൂടിയാൽ, പിടികൂടുവോളം  مُتْرَفِيهِم = അവരിലെ സുഖലോലുപരെ

بِٱلْعَذَابِ = ശിക്ഷയാൽ  إِذَا هُمْ = അപ്പോൾ അവരതാ  يَجْـَٔرُونَ = (വേപഥു കൊണ്ട്) ചീറുന്നു, വിലപിക്കുന്നു

لَا تَجْـَٔرُوا۟ = നിങ്ങൾ ചീറേണ്ട(ചീറിയതുകൊണ്ട് ഒരു കാര്യവുമില്ല)  ٱلْيَوْمَ = ഇന്നു

إِنَّكُم = എന്തെന്നാൽ നിങ്ങൾക്ക്  مِّنَّا = നമ്മിൽ നിന്ന്

لَا تُنصَرُونَ = നിങ്ങൾ സഹായിക്കപ്പെടുകയില്ല (ഒരു സഹായവും ലഭിക്കാൻ പോകുന്നില്ല)

قَدْ كَانَتْ ءَايَٰتِى تُتْلَىٰ = തീർച്ചയായും നമ്മുടെ സൂക്തങ്ങൾ ഓതപ്പെട്ടിരുന്നു (ഓതിത്തന്നിട്ടുണ്ടായിരുന്നു)

عَلَيْكُمْ = നിങ്ങളുടെ മേൽ  فَكُنتُمْ = അപ്പോൾ (അതു കേൾക്കുമ്പോൾ) നിങ്ങൾ ആയിരുന്നുവല്ലോ

عَلَىٰٓ أَعْقَٰبِكُمْ = നിങ്ങളുടെ മടമ്പുകളിന്മേൽ (പിന്തിരിഞ്ഞ്)  تَنكِصُونَ = നിങ്ങൾ ഓടുന്നു (ഓടുക)

مُسْتَكْبِرِينَ = കൊടിയ അഹങ്കാരികളായി കൊണ്ട്  بِهِۦ = അതിനെ, അതിന്റെ പേരിൽ

سَٰمِرًا = രാത്രി വർത്തമാനം പറയുന്നവരായി (രാസഭകളിൽ)

تَهْجُرُونَ = നിങ്ങൾ (അതിനെ) ഭർത്സിച്ചുകൊണ്ടിരു(രുന്നു)ക്കുന്നു

**അ**വരുടെ ഹൃദയങ്ങൾ എന്നതിലെ 'അവർ' നേരത്തെ പറഞ്ഞ സുഖലോലുപരായ ധർമനിഷേധികളാണ്. ജീവിതത്തിന്റെ യാഥാർഥ്യത്തെക്കുറിച്ചോ സുഖദുഃഖങ്ങളുടെ പരീക്ഷണാത്മകതയെക്കുറിച്ചോ നാളെ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടതിനെക്കുറിച്ചോ ഒന്നും അവർ ചിന്തിക്കുന്നില്ല. തങ്ങളനുഭവിക്കുന്ന സമ്പദ് സമൃദ്ധിയും സുഖഭോഗങ്ങളും തന്നെ തങ്ങളുടെ ജീവിതം വിജയകരമാണെന്നതിന്റെ അനിഷേധ്യമായ തെളിവാണെന്നാണവരുടെ നിലപാട്. തങ്ങളുടെ വിജയത്തിനും മഹത്വത്തിനും ഇനി വേറെ തെളിവൊന്നും ആവശ്യമില്ല. പ്രവാചക സന്ദേശങ്ങൾ കേൾക്കാനോ അനുസരിക്കാനോ അവർക്ക് സമയവുമില്ല. മുൻ സൂക്തങ്ങളിൽ യഥാർഥത്തിൽ നന്മ തേടുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നവരുടേതായി വിവരിച്ചതല്ലാത്ത വേറെ പണികളൊട്ടേറെയുണ്ടവർക്ക്. ഭോഗാസക്തികളെ തൃപ്തിപ്പെടുത്തുന്നതും ക്ഷുദ്രമായ അഭിനിവേശങ്ങൾക്കിണങ്ങുന്നതുമായ അത്തരം പ്രവർത്തനങ്ങളിൽ തന്നെ മുഴുകിയിരിക്കുകയാണവർ. غمرة ന്റെ അർഥം ഖുർആൻ ബോധനം ഈ സൂറയിൽ തന്നെ നേരത്തെ വിശദീകരിച്ചിരിക്കുന്നു. اترف -ൽ നിന്നുള്ളതാണ് مترفون . ഈ പദം ഈ സൂറയിലും കഴിഞ്ഞ സൂറയിലും വന്നിരിക്കുന്നു. വിശദീകരണം *ഖുർആൻ ബോധനം അൽ അമ്പിയാഅ് 13, അൽമുഅ്മിനൂൻ* 33 സൂക്തങ്ങൾക്ക് താഴെ കാണുക.

സുഖലോലുപരുടെ ധർമധ്വംസനം പരമകാഷ്ഠയിലെത്തുമ്പോൾ അല്ലാഹു കൊടിയ ശിക്ഷയാൽ അവരെ പിടികൂടുന്നു. ഈ ശിക്ഷ, പ്രവാചകന്മാരുടെ നേരിട്ടുള്ള പ്രബോധിതരായ സമൂഹങ്ങളിൽ ഭൗതികലോകത്തു തന്നെ സംഭവിക്കുന്നു. അല്ലാത്തവരെ മരണാനന്തരമായിരിക്കും ദൈവം പിടികൂടുന്നത്. അവരിലെ സുഖലോലുപരെ ശിക്ഷയാൽ പിടികൂടി- أَخَذْنَا مُتْرَفِيهِم بِٱلْعَذَابِ എന്ന വാക്ക് സുഖലോലുപരെ മാത്രമേ ശിക്ഷ ബാധിക്കൂ എന്ന അർഥത്തിലല്ല. സമൂഹത്തിലെ നേതാക്കളും അധികാരികളും അവരാണല്ലോ. അവരെയാണ് ആദ്യം പിടികൂടുക. തുടർന്ന് അവരെ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്ത എല്ലാവർക്കും ആ ഗതി വരുന്നു. അപ്പോൾ നെടും ഖേദത്തിലും കൊടിയ യാതനയിലും വെന്ത് ചീറാൻ മാത്രമേ അവർക്കാവൂ. ഇപ്പോൾ കാണിക്കുന്ന അഹന്തയോ പ്രമാണിത്തമോ സ്ഥാനമാനങ്ങളോ ന്യായവാദങ്ങളോ ഒന്നും അവരോടൊപ്പമുണ്ടാവില്ല. തങ്ങൾ

അതുവരെ പുഛിച്ചു തള്ളിക്കൊണ്ടിരുന്നതെന്തൊക്കെയാണോ അതൊക്കെയും വലയം ചെയ്തിരിക്കുകയാണവിടെ. ശിക്ഷയുടെ നിഷ്ഠുര ദംഷ്ട്രങ്ങൾ ആപാദ ചൂഡം മാന്തിക്കീറിക്കൊണ്ടിരിക്കുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടാൻ ദൈവം നൽകിയ അവസരങ്ങൾ പാഴാക്കിയതും, ധർമധിക്കാരത്തിലാണ്ട് ചെയ്തുകൂട്ടിയ മഹാപാതകങ്ങളും ഓർത്ത് വേദനയോടെ മുരളുകയല്ലാതെ മറ്റെന്തു ചെയ്യാൻ?! ഹിംസ്രജന്തുക്കളുടെ മുരൾച്ചയും കാളയുടെ മുക്രയിടലുമാണ് جؤار. മനുഷ്യരുമായി ബന്ധപ്പെടുത്തി പറയുമ്പോൾ ദുസ്സഹമായ പീഡാനുഭവവും സ്വന്തം വീഴ്ചയാൽ സംഭവിച്ച മഹാ നഷ്ടത്തിലുള്ള ദുഃഖവും മൂലം ഉള്ളിന്റെയുള്ളിൽ നിന്നുയരുന്ന ഞരക്കവും മുരൾച്ചയും ചീറ്റലുമാണ് جؤار.

അവരുടെ വിലാപത്തിന് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന മറപടി ഇതായിരിക്കും: നമ്മുടെ മുന്നിൽ കരയുകയും കേഴുകയും ചെയ്യേണ്ട സമയം കഴിഞ്ഞുപോയിരിക്കുന്നു. നേരത്തെ ഇതിനൊക്കെ നിങ്ങൾക്ക് ധാരാളം അവസരമുണ്ടായിരുന്നു. വേണ്ടത്ര പ്രമാണങ്ങളും ന്യായങ്ങളും നിരത്തിക്കൊണ്ട്, ആ അവസരം ഉപയോഗപ്പെടുത്താൻ നമ്മുടെ ദൂതന്മാർ നിങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്തു. പക്ഷേ, ഉൽബോധനം ഉൾക്കൊണ്ട് സ്വന്തം വിജയത്തിന്റെ വഴി സ്വീകരിക്കാൻ നിങ്ങൾ കൂട്ടാക്കിയില്ല. ദൈവിക ദൃഷ്ടാന്തങ്ങൾക്കും ധർമശാസനകൾക്കുമെല്ലാം അതീതരാണെന്നഹങ്കരിച്ച് പ്രവാചകനെയും പ്രവാചക സന്ദേശത്തെയും നിശാ സഭകളിൽ ഭർത്സിച്ചു സംസാരിച്ചുകൊണ്ടിരുന്നു. مُسْتَكْبِرِينَ بِهِۦ سَـٰمِرًا تَهْجُرُونَ എന്നാണ് മൂലവാക്യം. كبر (അഹങ്കാരം)ൽനിന്നുള്ളതാണ് إستكبار. താൻ വളരെ വലിയവനും ആദരണീയനുമാണെന്ന ഭാവമാണ് സാധാരണ അഹങ്കാരം تكبر . താൻ ആർക്കും ഒന്നിനും വിധേയപ്പെടേണ്ടതില്ല, എല്ലാവരും തനിക്ക് -തങ്ങൾക്ക്- വിധേയമായിക്കൊള്ളണം എന്ന വിചാരത്തിലേക്ക് വളരുമ്പോൾ استكبار ആകുന്നു. ആദമിന് സുജൂദ് ചെയ്യാനുള്ള ദൈവകൽപന അനുസരിക്കാതിരുന്ന ഇബ്ലീസിനോട് അല്ലാഹു استكبرت -നീ അഹങ്കാരം കൈക്കൊണ്ടുവോ (38:75) എന്നു ചോദിക്കുന്നത് ഈ അർഥത്തിലാണ്. ഇവിടെ به എന്ന ശബ്ദം സൂചിപ്പിക്കുന്നത് ഖുർആനിനെയാണെന്നും മുഹമ്മദ് നബി(സ)യെയാണെന്നും അതല്ല കഅ്ബയെയാണെന്നും മക്കയെയാണെന്നുമൊക്കെ വ്യത്യസ്തമായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. തൊട്ട് മുമ്പ് പരാമർശിച്ചത് ഖുർആനെയും പ്രവാചകനെയും ആകയാൽ അവയിലേതെങ്കിലുമൊന്നോ രണ്ടും കൂടിയോ ആണുദ്ദേശ്യമെന്ന വ്യാഖ്യാനമാണ് കൂടുതൽ ഉചിതം. കഅ്ബയാണെന്ന് പറയുന്നവരുടെ വ്യാഖ്യാനം ഇങ്ങനെ: ഇവിടെ സംബോധിതർ ഖുറൈശികളാണ്. കഅ്ബയുടെ പരിസരവാസികളും പരിചാരകരുമാണവർ. വാസ്തവത്തിൽ കഅ്ബയുടെ സാന്നിധ്യവും അതിനോടുള്ള സേവകത്വവും അവരെ കൂടുതൽ ദൈവഭക്തരും വിനീതരും സത്യ-ധർമങ്ങൾക്ക് വിധേയരുമാക്കേണ്ടതായിരുന്നു. പക്ഷേ കഅ്ബയുടെ പേരിൽ അഹങ്കരിക്കുകയാണവർ ചെയ്യുന്നത്. അതിന്റെ പരിചാരകരും പരികർമികളുമായ തങ്ങൾ അത്യുന്നത പദവിയിലുള്ളവരാണ്, ധർമോപദേശങ്ങൾക്കും ശാസനകൾക്കും അതീതരാണ്. ഈ അഹന്തയാൽ നിശാസഭകളിൽ പ്രവാചകനെ ഭർത്സിക്കുന്നു, ഖുർആനെ തള്ളിപ്പറയുന്നു. سمر-ന്റെ കർതൃപദമാണ് سامر. ഭാഷാർഥത്തിൽ രാത്രിയുടെ ഇരുട്ടും നിലാവുമാണ് سمر. ഇതിന്റെ പ്രയോഗാർഥം ഇരുട്ടത്തോ നിലാവിലോ കൂടിയിരുന്ന് സംസാരിക്കുകയാണ്. നമ്മുടെ ഭാഷയിലെ വെടിവട്ടവും സൊറകൂട്ടവും തന്നെ. ഖുറൈശി പ്രമാണിമാർ രാത്രികാലങ്ങളിൽ മസ്ജിദുൽ ഹറാമിൽ ചെന്നിരുന്ന് സൊറ പറയുക പതിവായിരുന്നു. മൂലത്തിലെ تَهْجُرُونَ ചിലർ تُهْجِرُونَ എന്നും പാരായണം ചെയ്യാറുണ്ട്.ആദ്യത്തേതിന്റെ മൂലം هجر യും രണ്ടാമത്തേതിന്റേത് اهجر യുമാണ്. കൈവെടിയലും തള്ളിക്കളയലുമാണ് هجر . اهجر ധിക്കാരവും ഭർത്സനവും. രണ്ടിന്റെയും സാരാംശം ഒന്നുതന്നെ.

ഈ 67-ാം സൂക്തം രാസഭകൾ അനഭിലഷണീയം (كراهة) ആണെന്നു കുറിക്കുന്നതായി പ്രസ്താവമുണ്ട്. ചില ഹദീസുകൾ അതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. ഇമാം മുസ്ലിം ഉദ്ധരിച്ച ഒരു ഹദീസിൽ പറയുന്നു: "നബി(സ) രാവിന്റെ മൂന്നിലൊന്നുവരെ ഇശാ നമസ്കാരം താമസിപ്പിക്കാറുണ്ടായിരുന്നു. അതിന് മുമ്പ് ഉറങ്ങുന്നതും അതിനു ശേഷം സംസാരിക്കുന്നതും നബി വെറുത്തിരുന്നു." പണ്ഡിതന്മാർ ഇതിനെ വിശദീകരിക്കുന്നു: ഇശാ ഇനു മുമ്പ് ഉറങ്ങുന്നത് ഇശാ നമസ്കാരം പാഴായിപ്പോകാനോ അല്ലെങ്കിൽ അതിന്റെ ഏറ്റവും നല്ല സമയത്തിൽ നിന്ന് പിന്താനോ കാരണമായേക്കും. നമസ്കാരത്തിനു ശേഷം സംസാരത്തിലേർപ്പെടുന്നത് നമസ്കാരത്തിലൂടെ ലഭിച്ച ഹൃദയ വിശുദ്ധി നഷ്ടപ്പെടാനിടയാകും. നമസ്കാരം കഴിയുന്നതോടെ വിശ്വാസിയുടെ അന്നത്തെ കർമം അവസാനിക്കുകയാണ്. അവസാന കർമമായ നമസ്കാരത്തിലൂടെ അവൻ അല്ലാഹുവുമായി അടുക്കുന്നു. ഹൃദയം സംശുദ്ധവും ഭക്തിമയവുമാകുന്നു. ആ അവസ്ഥയിൽ തന്നെ നിദ്രയിലേർപ്പെടുകയാണ് വേണ്ടത്. അതിനു ശേഷം നിശാസഭ കൂടി സൊറ പറയാനിരിക്കൽ തഹജ്ജുദ് നമസ്കാരത്തിന് ഉണരാൻ തടസ്സമാകും. ചിലപ്പോൾ ഉണരാൻ വൈകുന്നതു മൂലം അടുത്ത സ്വുബ്ഹി നമസ്കാരവും പാഴായേക്കും. കൂടാതെ നിശാസഭകളിൽ നടക്കുന്നത് ഏറെയും പരദൂഷണവും പരിഹാസവും ഏഷണികളും മറ്റനാവശ്യ വർത്തമാനങ്ങളുമായിരിക്കും. അതൊക്കെയും ശരീഅത്ത് വിലക്കിയ തിന്മകളാണ്. അതുകൊണ്ടാണ് പ്രവാചകൻ പറഞ്ഞത്: "ഒരാൾ അടങ്ങിക്കഴിഞ്ഞ ശേഷം നിശാ വർത്തമാനത്തിലേർപ്പെടുന്നത് സൂക്ഷിക്കണം." മറ്റൊരിക്കൽ നബി(സ) പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: لاسمر بعد الصلاة (ഇശാ നമസ്കാരത്തിനു ശേഷം സൊറ വേണ്ട). വൈജ്ഞാനിക ചർച്ചകൾ, സംവാദങ്ങൾ, ഉപദേശങ്ങൾ, ഉൽബോധനം, നന്മ കൽപിക്കൽ, തിന്മ വിരോധിക്കൽ തുടങ്ങിയ സദുദ്ദേശ്യപരമായ രാസഭകൾ അനുവദനീയം മാത്രമല്ല അഭികാമ്യവുമാണെന്നും പണ്ഡിതന്മാർ വ്യക്തമാക്കിയിരിക്കുന്നു.

■